**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ശ്രീ. കൃഷ്ണകുമാർ പി., ക്ലാർക്ക്, സി.എച്ച്.സി. മാറഞ്ചേരി മലപ്പുറം -സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് ഇ.ഡി1-06/2013/ആ.വ.ഡ.(3), തീയതി 12/06/2013.

2. എ2-8171/2018/ജി.മെ.ഓ.(ആ.),മലപ്പുറം,തീയതി 09/03/2018

**ഉത്തരവ് നമ്പർ ഇ.ഡി1-44000(1)/2018/ആ.വ.ഡ.,തീയതി: 04/07/2018.**

പരാമർശം ഉത്തരവ് (1) പ്രകാരം ശ്രീ. കൃഷ്ണകുമാർ പി., ക്ലാർക്ക് ആശ്രിത നിയമനം മുഖേന മലപ്പുറം ജില്ലയിൽ ജോലിയിൽ പ്രവേശിച്ചു. ടിയാൻ നിയമനത്തിനായി അപേക്ഷിച്ച ജില്ല തൃശ്ശൂർ ആയിരുന്നു. ടിയാൻ തൃശ്ശൂർ ജില്ലയിലേക്ക് പരാമർശം (2) പ്രകാരം സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കൃഷ്ണകുമാർ പി., ക്ലാർക്ക്, സാമൂഹികാരോഗ്യ കേന്ദ്രം, മാറഞ്ചേരി, മലപ്പുറം -നെ ഉചിതമായനിയമനത്തിനായി തൃശ്ശൂർ ജില്ലയിലേക്ക് സ്ഥംമാറ്റി ഉത്തരവാകുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്യുന്ന തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
സി. എം. അജയ മോഹൻ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:

ശ്രീ. കൃഷ്ണകുമാർ പി., ക്ലാർക്ക്, സാമൂഹികാരോഗ്യ കേന്ദ്രം, മാറഞ്ചേരി മലപ്പുറം.

പകർപ്പ്-

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം/തൃശ്ശൂർ.
3. ഫയൽ/കരുതൽ ഫയൽ .

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-04/07